എടുത്ത് ഇതും നടത്തിക്കൊണ്ടിരുന്നു. പക്ഷെ അവരും ഈ സുന്ദരേശൻ മുതലാളിയും തമ്മിൽ വാടക ഇനത്തിലും അതിന്റെ നടത്തിപ്പിനെയും അവകാശങ്ങളെയും സംബന്ധിച്ച് ഒരു തർക്കം കോടതിയിൽ നിലനിൽക്കുകയാണ്. അതു തീരാതെ മറ്റാർക്കെങ്കിലും ഈ ഫാക്ടറി ഏറ്റെടുത്ത് നടത്താനും കഴിയില്ല. അങ്ങനെ നിയമപരമായ ഒരു പ്രശ്നമുണ്ട്. തീർച്ചയായിട്ടും അത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ലേബർ ഡിപ്പാർട്ടുമെന്റ് സത്വര നടപടി കൈക്കൊള്ളുന്നതാണ്.

(2) പട്ടികസമുദായ കോളനികളിലും ലക്ഷംവീട് കോളനികളിലും താമസിക്കുന്നവർക്ക് പട്ടയം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. കെ. ഷാജു: സർ, സംസ്ഥാനത്ത് പട്ടികജാതി കോളനിയിലും ലക്ഷംവീട് കോളനിയിലും താമസിക്കുന്ന ആളുകളെ സംബന്ധിച്ച് അവരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിനെ സംബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. നിരാലംബരായ കുറഞ്ഞ വരുമാനക്കാരായ, നിർദ്ധനരായ ആയിരക്കണക്കിന് ആളുകളുടെ ജീവൽപ്രശ്നമാണിത്. സംസ്ഥാനത്തെ പഞ്ചായത്തുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ സെയിൽ ഡീഡ് വഴി വാങ്ങിയിട്ടുള്ള ഭൂമി ഗവർണ്ണറുടെ തണ്ടപ്പേരിലാണ് കിടക്കുന്നത്. ഗവർണ്ണറുടെ തണ്ടപ്പേരിൽ കിടക്കുന്ന ഈ ഭൂമി ഒരിക്കലും കൈമാറ്റം ചെയ്യാൻ കഴിയുന്നില്ല. അങ്ങനെ കൈമാറ്റം ചെയ്യപ്പെടാൻ കഴിയാത്തതുകൊണ്ട് ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ ഈടു വയ്ക്കാനും കഴിയുന്നില്ല. വാസയോഗ്യമല്ലാത്ത വീടുകൾ മാറ്റി പുതിയവ വയ്ക്കാനും ബന്ധപ്പെട്ടവർക്ക് കഴിയുന്നില്ല. കുറച്ചുകാലം കഴിഞ്ഞാൽ ഈ ഭൂമി മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യപ്പെടാനും കഴിയുകയില്ല. സാധാരണ ഗതിയിൽ സർക്കാർ ഭൂമി വാങ്ങുകയാണെങ്കിൽ, ലാന്റ് അക്വിസേഷനോ മറ്റോവഴി പൊന്നും വിലയ്ക്ക് ഭൂമി എടുത്താൽ ആ ഭൂമി സർക്കാർ പുറംപോക്കായിട്ടാണ് മാറുന്നത്. സർക്കാർ പുറംപോക്കായിട്ട് ഭൂമി മാറിയാൽ അത് നമുക്ക് കൈമാറ്റം ചെയ്യാൻ കഴിയുകയില്ല. പട്ടയം കിട്ടിക്കഴിഞ്ഞാൽ അത് കൈമാറ്റം ചെയ്യാൻ സാധിക്കും. ഇവിടെ പഞ്ചായത്തുകൾ പ്രത്യേകിച്ചും തദ്ദേശഭരണ സ്ഥാപനങ്ങൾ സെറ്റിൽമെന്റ് കോളനികളിലെ പാവപ്പെട്ടവർക്കുവേണ്ടി വാങ്ങുന്ന ഭൂമി ഗവണ്മെന്റ് തണ്ടപ്പേരിൽ കിടക്കുന്നതുകൊണ്ട് കൈമാറ്റം ചെയ്യപ്പെടാൻ കഴിയുന്നില്ല. അതുകൊണ്ട് സർക്കാർ ഭൂമി അക്വയർ ചെയ്ത് സർക്കാർ പുറമ്പോക്കാക്കി മാറ്റുന്നതുപോലെ ഇപ്പോഴത്തെ ഈ സെറ്റിൽമെന്റ് കോളനികളിലെ ഭൂമി മാറ്റിയെങ്കിൽ മാത്രമേ ആയിരക്കണക്കിന് വരുന്ന നിർധനരായിട്ടുള്ള ആളുകൾക്ക് ആ ഭൂമികൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകുകയുള്ളൂ. അതിനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ ചെയ്യുന്നത് ഗവർണ്ണറുടെ പേരിലുള്ള ഭൂമി പിന്നീട് ഡീവെസ്റ്റ് ചെയ്ത്, ഡീവെസ്റ്റ് ചെയ്യാനുള്ള ബുദ്ധിമുട്ട് എന്താണെന്ന് അങ്ങേയ്ക്കറിയാം. സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ മൂലമാലകൾ മാറാതിരിക്കുന്നത് ഡീവെസ്റ്റ് ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടുകൊണ്ടാണ്. അപ്പോൾ ഡീവെസ്റ്റ് ചെയ്തിട്ട് പിന്നീട് ഈ ഭൂമിക്ക് പട്ടയം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നത് സാധാരണ ഗതിയിൽ നടക്കുന്ന കാര്യമല്ല, അതുകൊണ്ട് സെയിൽ ഡീഡ് വഴി പഞ്ചായത്തുകൾ വാങ്ങുന്ന ഭൂമി ഗവർണ്ണറുടെ തണ്ടപ്പേരിലേക്ക് പോയാൽ ആ ഭൂമിക്കു പട്ടയം കൊടുക്കാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് രണ്ടു ഗണങ്ങളിലുള്ള ഭൂമിയാണ്. ഒന്നാമത്തെ ഗണം എന്നുപറയുന്നത് റവന്യൂ വകുപ്പിൽനിന്ന് സ്ഥലം മൊത്തമായി ഏറ്റെടുത്ത് പട്ടികജാതി കുടുംബങ്ങൾക്ക് വിഭജിച്ചു നൽകുക എന്നതാണ്. റവന്യൂ വകുപ്പിൽനിന്ന് ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ചിടത്തോളം നിയമ തടസ്സമില്ലാത്ത മുഴുവൻ ഭൂമിക്കും പട്ടയം കൊടുത്തിട്ടുണ്ട്. അനധികൃത കയ്യേറ്റക്കാർക്ക് പട്ടയം കൊടുത്തിട്ടില്ല. അനധികൃത പ്രവേശനക്കാർക്ക്, പൊതുസ്ഥലം കയ്യേറിയവർക്ക്, അവകാശ തർക്കം ഉള്ളവർക്ക് ഇങ്ങനെയുള്ള കേസുകൾ ഒഴികെ മറ്റെല്ലാ കേസുകളിലും റവന്യൂ വകുപ്പ് ഏറ്റെടുത്ത ഭൂമിയാണെന്നുണ്ടെങ്കിൽ, റവന്യൂ ഭൂമിയാണെന്നുണ്ടെങ്കിൽ അവർക്ക് പട്ടയം കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ വിഭാഗത്തിൽ പട്ടയം കൊടുക്കാത്ത വിഭാഗം എന്നു പറയുന്നത്, ഷെഡ്യൂൾഡ് കാസ്റ്റ് വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള പുനരധിവാസ പദ്ധതിയിൽപ്പെട്ടതിലാണ്. അതിനകത്ത് പറയുന്നത് ഇവർക്ക് ഭൂമി കൊടുത്താൽ പട്ടയത്തിന് അവകാശമില്ല എന്നാണ്; പട്ടയം കൊടുത്താൽ അവർ ഭൂമി കൈമാറ്റം ചെയ്തുപോകും എന്നുള്ള ഭയം കൊണ്ടായിരിക്കാം ആ സ്കീമിനകത്തു തന്നെ അവർക്ക് പട്ടയം കൊടുക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തത്. പക്ഷെ അതിനകത്ത് ലക്ഷംവീട് കോളനിയാണെങ്കിൽ ആ കോളനികളെ സംബന്ധിച്ചിടത്തോളം 1997-ൽ ഗവൺമെന്റ് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഗ്രാമീണ ഭൂരഹിത തൊഴിലാളികൾ ആണെങ്കിൽ ലക്ഷം വീടുകളിൽ താമസിക്കുന്നവരായാലും അവർക്കു വേണ്ടിയാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ പറയുന്ന മൂന്നു കണ്ടീഷനിൽ ഒന്ന് അന്യാധീനപ്പെടുത്താൻ പാടില്ല എന്നാണ്. രണ്ട്, ഏതെങ്കിലും കേസിൽ അന്യാധീനപ്പെട്ടുപോയാലും അത് വാങ്ങുന്ന ആൾ ഒരു വീക്കർ സെക്ഷനിൽപ്പെട്ട ആൾ ആയിരിക്കുകയും അയാൾക്ക് വേറെ ഭൂമിയും വീടും ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്ക് പട്ടയം കൊടുക്കാവുന്നതാണ്. അതിന് വിധേയമായി കഴിഞ്ഞവർഷം 1056-ഓളം പേർക്ക് പട്ടയം കൊടുത്തിട്ടുണ്ട്. ബാക്കി 1067 പേർക്ക് പട്ടയം നൽകാനുണ്ട്. ഇങ്ങനെയുള്ള തടസ്സങ്ങൾ ഇല്ലെന്നുണ്ടെങ്കിൽ അവർക്കും പട്ടയം കൊടുക്കാവുന്നതാണ്. അപ്പോൾ മനസ്സിലാക്കേണ്ട ഒരു കാര്യം റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് വാങ്ങിയിട്ടുള്ള ഭൂമിയാണെങ്കിൽ രണ്ടുമൂന്ന് കണ്ടീഷൻ പാലിച്ചിട്ടുള്ളവർക്ക് മുഴുവൻ പട്ടയം കൊടുത്തിട്ടുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പുനരധിവാസ പദ്ധതിയാണെങ്കിൽ ലക്ഷംവീട്ടിൽ താമസിക്കുന്നവരാണെന്നുണ്ടെങ്കിലും ഞാൻ ഈ പറയുന്ന ഉത്തരവിലെ കണ്ടീഷൻസിന് വിധേയമായി പട്ടയം കൊടുക്കുന്നുണ്ട്. ബാക്കി കേസുകളിൽ പട്ടയം കൊടുക്കുന്നില്ല. എല്ലാ പേർക്കും പട്ടയം കൊടുക്കണമെന്നുണ്ടെങ്കിൽ അതൊരു നയപരമായ പ്രശ്നമാണ്. ഷെഡ്യൂൾഡ്കാസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നുതന്നെ നയപരമായ ഒരു തീരുമാനം എടുത്ത് അറിയിക്കുകയാണെങ്കിൽ എല്ലാപേർക്കും പട്ടയം കൊടുക്കാം. അതിന്

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടില്ല. പിന്നെയുള്ളത് എസ്. ടി. ആണെന്നുണ്ടെങ്കിൽ alienation അനുവദിച്ചിട്ടില്ല. ഞാൻ ഇപ്പോൾ പറഞ്ഞത് ഷെഡ്യൂൾഡ് കാസ്റ്റിനെ സംബന്ധിച്ചാണ്.

ശ്രീ. കെ. കെ. ഷാജു: ഇത് പട്ടികജാതി അംഗങ്ങൾക്ക് മാത്രമല്ല. ഞാൻ ഉദ്ദേശിക്കുന്നത് പഞ്ചായത്തുകളിൽ കുറച്ച് ഭൂമി വിലയ്ക്കു വാങ്ങിയിട്ട് അഞ്ചു സെന്റ്, അഞ്ചു സെന്റ് വീതം പട്ടികജാതിക്കാർക്കും പാവപ്പെട്ട അല്ലാത്ത ആളുകൾക്കും പതിച്ചു കൊടുക്കുന്നുണ്ട്. അവർ സെയിൽ ഡീഡ് വഴി വാങ്ങുന്ന ഭൂമി, ഗവർണ്ണറുടെ തണ്ടപ്പേരിലാണ് വാങ്ങിക്കുന്നത്. അങ്ങനെ ഗവർണ്ണറുടെ തണ്ടപ്പേരിലായതുകൊണ്ടാണ് ഈ ഭൂമി പിന്നെ പതിച്ചുകൊടുക്കാൻ കഴിയാതെ വരുന്നത്. അങ്ങനെ ഗവർണ്ണറുടെ തണ്ടപ്പേരിൽ വാങ്ങിയിട്ടുള്ള ഭൂമി പഞ്ചായത്തുകൾ ആവശ്യപ്പെട്ടാൽ കളക്ടർമാർക്ക് പട്ടയം നൽകാനുള്ള പ്രത്യേക അധികാരം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ഞാൻ ഈ പറഞ്ഞത് നാല് സെന്റ് വീതം വാങ്ങിയിട്ടുള്ള ഭൂമിക്ക് ബാധകമാണ്. പക്ഷെ ഈ കണ്ടീഷൻസിനകത്ത് ഒരു കണ്ടീഷൻ കൂടിയുണ്ട്. പഞ്ചായത്തുകളുടെ സമ്മതം കൂടി വേണം. പഞ്ചായത്തുകൾ അങ്ങനെ കൊടുക്കാവുന്നതാണ് എന്നു പറഞ്ഞ് സർട്ടിഫൈ ചെയ്യുന്നുവെങ്കിൽ ഞാൻ മുമ്പു പറഞ്ഞ മൂന്ന് കണ്ടീഷൻ കൂടി പാലിക്കുന്നുണ്ടെങ്കിൽ അവർക്ക് പട്ടയം കൊടുക്കാവുന്നതാണ്.

III. സബ്മിഷൻ

(1) കോഴിക്കോട് മെഡിക്കൽ കോളേജിൽ രക്താർബുദത്തിന് പ്രത്യേക വാർഡും ചികിൽസാ യൂണിറ്റും സ്ഥാപിക്കൽ

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, മലബാറിൽ ആറ് ജില്ലകളിലുള്ള ലുക്കീമിയ, ഗുരുതരമായ രക്താർബുദം, തലാസീമിയ, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ പോലുള്ള ജനിതക രക്തവൈകല്യമുള്ള പാവപ്പെട്ട അഞ്ഞൂറിലധികം വരുന്ന കുട്ടികളടക്കമുള്ള രോഗികൾക്ക് ഏക ആശ്രയം കോഴിക്കോട് മെഡിക്കൽ കോളേജാണ്. ഇവിടെ വിദഗ്ദ്ധ ചികിൽസയ്ക്കുവേണ്ടുന്ന സൗകര്യമോ മരുന്നോ ലഭ്യമല്ലാത്തതിനാൽ ഇവർ മരണവുമായി മല്ലടിച്ചു കഴിയുകയാണ്. മെഡിക്കൽ കോളേജിൽ 1995 ജൂലായ് മാസത്തിൽ ഹെമറ്റോ ഓങ്കോളജി ക്ലിനിക് തുടങ്ങുകയും ബുധൻ, ശനി ദിവസങ്ങളിൽ എത്തുന്ന രോഗികളെ ഐ.എം.സി.എച്ചി-ലെ 44,45,54,55 പീഡിയാട്രിക് വാർഡുകളോടു ചേർന്നുള്ള ചെറിയ മുറികളിൽ കിടത്തി ചികിൽസിക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ യാതൊരു സൗകര്യവും ഇല്ലാത്ത അവസ്ഥയാണുള്ളത്. പ്രതിരോധശേഷി കുറഞ്ഞ പ്രസ്തുത രോഗികളെ പകർച്ച വ്യാധികൾക്ക് സാദ്ധ്യതയുള്ള മറ്റ് രോഗികളോടൊപ്പം കിടത്തി ചികിൽസിക്കുന്നതു കാരണം അണുബാധയേറ്റ് രോഗികൾ മരിക്കാൻ ഇടയാകുന്നതായി വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നുണ്ട്. ഇതു

LIBRARY ARCHIVES Kerala Legislative Assembly